QP CODE: 19101905

19101905

Reg No : ....................

Name : ....................

## B.Sc.DEGREE (CBCS) EXAMINATION, MAY 2019

**Second Semester**

Common Course II - **ML2CCT10 - മലയാളം- ഗദ്യപരിചയം**

(Common for Model II B.Sc. Programmes)

2017 ADMISSION ONWARDS

3929A212

**Maximum Marks: 80** **Time: 3 Hours**

### പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം.

1. ഔഷധം കരുതിയതു കൊണ്ടു മാത്രം രോഗം മാറുകയില്ല. അത് അകത്താക്കുകത്തന്നെ വേണം'. ഇവിടെ ഉദ്ദേശിക്കുന്നതെന്ത്?
2. കുറിപ്പെഴുതുക... സാധുജന പരിപാലന സംഘം
3. എന്താണ് ഉപഭോഗ വിഭവ ദാരിദ്ര്യം? വ്യക്തമാക്കുക
4. ഇന്ത്യയിൽ കാർഷിക രംഗത്ത് സമൃദ്ധികൾ സാധ്യമാക്കിയ പ്രധാന ഘടകങ്ങളേവ?
5. ദത്തെടുക്കപ്പെട്ട കേരളവർമ്മയെ ഉമയമ്മ റാണി സഹായിച്ചതെങ്ങനെ?
6. പഞ്ചാരിമേളത്തിൽ പ്രമാണി ആരാണ്? അയാളുടെ ധർമ്മമെന്ത്?
7. സാഹിത്യകാര പരിചയം നടത്തുക - 'പി.പവിത്രൻ'
8. ശിഹാബുദ്ദീൻ വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് സിൽ ജോലി തേടിയതെങ്ങനെ?
9. ഉപ്പയുടെ ജീവിതത്തിലെ 'വില്ലൻ' വ്യക്തിത്വത്തിന് കാരണങ്ങളായി ശിഹാബുദ്ദീൻ ചൂണ്ടിക്കാട്ടുന്ന കുടുംബ സാഹചര്യങ്ങൾ ഏവ?
10. സി. എൻ. മുഹമ്മദ് മൗലവിയെ ശിഹാബുദ്ദീൻ ആദ്യമായി പരിചയപ്പെട്ടത് ജീവപര്യന്ത'ത്തിൽ നിന്നും ഉദ്ധരിക്കുക

11. അവനവൻ സ്റ്റീരിയോടൈപ്പാവുന്നത് അറിയാതെ പോവുന്നതാണ് കലാകാരന്മാരെ കാത്തിരിക്കുന്ന ഏറ്റം വലിയ ദുരന്തം 'പി.എൻ.മേനോനെ ഉദ്ധരിച്ച് വ്യക്തമാക്കുക

12. ഒരു കാലിൽ പോളിയോ ബാധിച്ച സ്വവർഗ്ഗരതിക്കാരനായ ചായക്കാരന്റെ ജീവൻ രക്ഷിക്കാൻ ശിഹാബുദ്ദീന് സാധിച്ച സാഹചര്യമേത്?

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.

13. കവിത ജീവിതത്തിന്റെ മർമ്മത്തെ കേന്ദ്രമാക്കുമ്പോൾ മാത്രമേ കവിത കവിതയെത്തന്നെ കേന്ദ്രമാക്കുന്നുള്ളു. വിലയിരുത്തുക

14. കുറിപ്പെഴുതുക - 'കേരളത്തിലെ സാമുദായിക പ്രസ്ഥാനങ്ങളും സ്ത്രീ സ്വാതന്ത്ര്യവും'

15. ഇതൊരു പുതിയ ഓളമായിരുന്നു.കലയുടെ ജനാധിപത്യവത്കരണത്തിന്റെ ഒന്നാമങ്കം. ഈ ഒന്നാമങ്കത്തെ ഇ. പി.രാജഗോപാലൻ എങ്ങനെ വിശദമാക്കുന്നു?

16. ആട്ടവിളക്കിനെ കാണികളുടെ സമഗ്ര പ്രതികമായി കാണേണ്ടി വന്നത് ഒരു തരത്തിൽ പ്രേക്ഷകരുടെ ദാരിദ്ര്യം കൊണ്ടു തന്നെയാണ്. ചരിത്രപരമായ തെളിവുകൾ നൽകി വിശദമാക്കുക

17. സിൻററം, പാരഡിഗം എന്നിവയ്ക്ക് പഞ്ചാരിമേളത്തിലുള്ള പ്രാധാന്യമെന്ത്?

18. ഇക്കോ ഫെമിനിസം 'ഭൂമിയും അതിലെ സർവ്വ ചരാചരങ്ങളുമായുള്ള ഒരു വലിയ കരാറാണ്. ഡോ. മിനി പ്രസാദ് ലക്ഷ്യം വയ്ക്കുന്നതെന്തെല്ലാം

19. ആദർശ രാഷ്ട്രീയത്തിന്റെ പ്രധാന ദേവാലയം ഗ്രാമീണ വായനശാലകളായിരുന്നു. ശിഹാബുദ്ദീന്റെ നേരോർമ്മകൾ ഏവ?

20. പിന്നീടാണ് മനസ്സിലായത്, ആയിരത്തൊന്നു രാവുകളിലെ കഥകളായിരുന്നു അവയെന്ന്.. ഏതു കഥകൾ 'സന്ദർഭമേത്?

21. മാങ്കടയിൽ പെണ്ണുകെട്ടിയ 'കാവുക്ക'യെക്കുറിച്ചുള്ള സ്മരണകൾ ജീവപര്യന്തത്തിൽ നിന്ന് എടുത്തെഴുതുക

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.

22. വായനയുടെ ശത്രു കാഴ്ചയല്ല, മറിച്ച് രണ്ടിന്റെയും പൊതു ശത്രു ആരോഗ്യകരമായ ഒരു കാഴ്ചപ്പാടിന്റെ അഭാവമാണ്. 'വായനയുടെ ബലതന്ത്രം' എന്ന ലേഖനത്തെ ആസ്പദമാക്കി ഉപന്യസിക്കുക

23. മലയാളം ഭരണഭാഷയും കോടതി ഭാഷയുമായതിന് പിന്നിലെ ഔദ്യോഗിക ചരിത്രം വിശദമാക്കുക

24. സംസ്കാരത്തിന്റെ നിർമ്മാണത്തിലും സംഭാവനകളിലും പ്രകൃതിയുടെ നിലനിൽപ്പിലും തങ്ങൾ പുരുഷൻമാർക്കൊപ്പമാണെന്ന സ്ത്രീയുടെ ബോധ്യമാണ് ഇക്കോ ഫെമിനിസത്തിന്റെ അന്തർധാര. വിശദമാക്കുക

25. ശിഹാബുദ്ദീന്റെ വിദ്യാലയ ജീവിതാനുഭവങ്ങളുടെ നേരും നൊമ്പരവും 'ജീവപര്യന്ത'ത്തിൽ എത്രമാത്രം ഇഴചേരുന്നു? വിശദമാക്കുക

(2×15=30)